പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നം. 3207 — 13.03.2017 ൽ മറുപടിയ്ക്ക്

## അഹാഡ്സ്-സി.സി.പി.ആർ.എം.

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ. .എൻ. ഷംസുദ്ദീൻ** | **ഡോ. കെ. ടി. ജലീൽ<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി)** |
| എ) അട്ടപ്പാടിയിലെ അഹാഡ്സ്-സി.സി.പി.ആർ.എം.ന്റെ പ്രവർത്തനം അവസാനിപ്പിക്കുവാൻ ഉണ്ടായ സാഹചര്യം എന്താണെന്ന് വിശദീകരിക്കുമോ; | എ) ജപ്പാന്റെ സാമ്പത്തിക സഹായത്തോടെ അട്ടപ്പാടിയിൽ നടപ്പിലാക്കിയ പരിസ്ഥിതി പുന:സ്ഥാപന പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായിരുന്നു അഹാഡ്സ്. പദ്ധതിയുടെ പ്രവർത്തനത്തിന് നിശ്ചയിച്ച സമയ പരിധി അവസാനിച്ചപ്പോൾ അഹാഡ്സിന്റെ പ്രവർത്തനം നിർത്തലാക്കിയിരുന്നു. തുടർന്ന് അഹാഡ്സിനെ അഹാഡ്സ്-സി.സി.പി.ആർ.എം ആയി പുനരാവിഷ്കരിച്ചെങ്കിലും ആദിവാസിക്ഷേമത്തിനും പ്രകൃതി വിഭവ സംരക്ഷണത്തിനും ഊന്നൽ നൽകിക്കൊണ്ട് തുടർ പ്രവർത്തനം നടത്തുന്നതിനു വേണ്ടി അഹാഡ്സ്-സി.സി.പി.ആർ.എം.നെ കിലയിൽ ലയിപ്പിക്കുവാൻ തീരുമാനിക്കുകയായിരുന്നു. |
| ബി) അഹാഡ്സ്-സി.സി.പി.ആർ.എം.നെ കിലയിൽ ലയിപ്പിക്കുവാൻ തീരുമാനം എടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ? | ബി) ഉണ്ട്. 14.12.2016 -ൽ നടന്ന അഹാഡ്സ്-സി.സി.പി.ആർ.എം. ഗവേണിംഗ് ബോഡി യോഗത്തിൽ അഹാഡ്സ്-സി.സി.പി.ആർ.എം.നെ ഡിസോൾവ് ചെയ്ത് ഉപാധികളില്ലാതെ കിലയിലേക്ക് ലയിപ്പിക്കേണ്ടതാണെന്ന് തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത തീരുമാനത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

## 14.12.2016 – ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബഹു. മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ വെച്ച് ചേർന്ന അഹാഡ്സ് - സി.സി.പി.ആർ.എം.ന്റെ ഗവേണിംഗ് ബോഡി യോഗത്തിന്റെ മിനിട്സ്

യോഗം 10.30 ന് ആരംഭിച്ചു. യോഗത്തിൽ താഴെ പറയുന്ന ഉദ്യോഗസ്ഥർ പങ്കെടുത്തു.

1. ശ്രീ. കെ.റ്റി. ജലീൽ, ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി
2. ശ്രീ. എൻ. ഷംസുദ്ദീൻ, മണ്ണാർക്കാട് എം.എൽ.എ
3. ശ്രീ. എസ്.എം. വിജയാനന്ദ്, ചീഫ് സെക്രട്ടറി
4. ശ്രീ.വി.എസ്.സെന്തിൽ, അഡീഷണൽ ചീഫ് സെക്രട്ടറി, പ്ലാനിംഗ് & എക്കണോമിക് അഫയേഴ്സ് വകുപ്പ്
5. ശ്രീ. റ്റി. കെ. ജോസ്, പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
6. ശ്രീ. എ. ഷാജഹാൻ, സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
7. ശ്രീമതി. പ്രജിത പി.റ്റി, ഡെപ്യൂട്ടി ഡയറക്ടർ, അഹാഡ്സ് -സി.സി.പി.ആർ.എം
8. ശ്രീ. കെ. ജി. സന്തോഷ്, സെക്രട്ടറി, കേരള മീഡിയ അക്കാഡമി
9. ഡോ. ഇ.എ. ജയ്സൺ, റിസർച്ച് കോ-ഓർഡിനേറ്റർ, കെ.എഫ്.ആർ.ഐ.,പീച്ചി
10. ഡോ. എസ്. സലീം, കുടുംബശ്രീ
11. ഡോ. കെ. ഉമാമഹേശ്വരൻ, അസോസിയേറ്റ് ഡയറക്ടർ, കേരള അഗ്രികൾച്ചർ യൂണിവേഴ്സിറ്റി
12. ഡോ. ഷിബു. കെ. ജേക്കബ്, അസിസ്റ്റന്റ് പ്രൊഫസർ, വെറ്റിറിനറി യൂണിവേഴ്സിറ്റി
13. ശ്രീമതി. എം. മിനി, ഡെപ്യൂട്ടി സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
14. ശ്രീമതി. കെ. എസ്. ബിന്ദു, അണ്ടർ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്

അഹാഡ്സ്-സി.സി.പി.ആർ.എം. എന്ന സൊസൈറ്റിയെ കുറിച്ചും യോഗത്തിൽ അടിസ്ഥാനപരമായി എടുക്കേണ്ട തീരുമാനങ്ങൾ സംബന്ധിച്ചും ചീഫ് സെക്രട്ടറി ആമുഖമായി സംസാരിച്ചു. അഹാഡ്സ്-സി.സി.പി.ആർ.എം-ഡിസോൾവ് ചെയ്ത് കിലയുടെ റിസോഴ്സ് സെന്റർ ആയി മാറ്റുന്നതിന് നയപരമായി തീരുമാനം എടുക്കേണ്ടതുണ്ടെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

എസ്.ഐ.ആർ.ഡി.യെ കിലയുമായി സംയോജിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുള്ള സാഹചര്യത്തിൽ അഹാഡ്സ്-സി.സി.പി.ആർ.എം. ഇന്നത്തെ രീതിയിൽ തുടരേണ്ടതില്ലെന്നും ആസ്തി-ബാദ്ധ്യതകൾ 'കില'യുടെ ഭാഗമാക്കുന്ന കാര്യം തീരുമാനിക്കേണ്ടതുണ്ടെന്നും ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി അഭിപ്രായപ്പെട്ടു.

പഞ്ചായത്തുകൾക്ക് ആവശ്യമായ watershed project കളുടെ പരിശീലനങ്ങൾ പലതും ഇപ്പോഴും അഹാഡ്സ്-സി.സി.പി.ആർ.എം.ന്റെ നേതൃത്വത്തിൽ നടക്കുന്നുണ്ടെന്നും, അട്ടപ്പാടിയുടെ പരിസ്ഥിതി പുന:സ്ഥാപനത്തിനായി ഉണ്ടാക്കിയ ഈ സ്ഥാപനം അട്ടപ്പാടിയിലെ ജനങ്ങൾക്ക് പ്രയോജനമുണ്ടാകും വിധം തന്നെ നിലനിർത്തണമെന്നും കേവലം ഒരു പരിശീലനകേന്ദ്രമായി മാത്രം അതിനെ മാറ്റരുതെന്നും ബഹു. എം.എൽ.എ) അഭിപ്രായപ്പെട്ടു.

അഹാഡ്സ്-സി.സി.പി.ആർ.എം ഇന്നത്തെ നിലയിൽ തുടരേണ്ടതില്ലെന്നും, ഈ സൊസൈറ്റി പിരിച്ചു വിട്ട് ആസ്തി ബാദ്ധ്യതകൾ കിലയിൽ ഏല്പിക്കണമെന്നും അങ്ങനെ ചെയ്യുമ്പോൾ നിലവിൽ കുടുംബശ്രീ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിന് ഉപയോഗിക്കുന്ന കെട്ടിടങ്ങളും സ്ഥലസൗകര്യങ്ങളും കുടുംബശ്രീയുടെ ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളിലും മറ്റും തുടർന്നും ഉപയോഗപ്പെടുത്തുന്നതിനുള്ള സൗകര്യം നൽകേണ്ടതുണ്ടെന്നും പ്രിൻസിപ്പൽ സെക്രട്ടറി അഭിപ്രായപ്പെട്ടു.

അഹാഡ്സ് നിർത്തലാക്കിയതിനു ശേഷം എന്തൊക്കെ പ്രവർത്തനങ്ങൾ അവിടെ നടന്നെന്നും ആയതിന്റെ പ്രയോജനങ്ങൾ എന്തൊക്കെയായിരുന്നുവെന്നും ബന്ധപ്പെട്ടവരെ അഹാഡ്സ് പ്രതിനിധികൾ ബോധ്യപ്പെടുത്തിയിട്ടില്ലെന്നും അഹാഡ്സിന്റെ കെട്ടിടങ്ങളും ആസ്തികളും നശിച്ചു പോവുന്ന ഒരു അവസ്ഥയാണ് ഉണ്ടായിട്ടുള്ളതെന്നും അതിനാൽ സ്ഥാപനം ഈ രീതിയിൽ തുടരേണ്ട ആവശ്യമില്ലെന്നും തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി അഭിപ്രായപ്പെട്ടു.

അട്ടപ്പാടിയിലെ ആദിവാസികളുടെ ഉന്നമനത്തിനായി അഹാഡ്സ് നടപ്പിലാക്കിയ പദ്ധതികളിൽ പ്രവർത്തിച്ച ഉദ്യോഗസ്ഥരുടെ പ്രവർത്തി പരിചയം സമാനമായ പദ്ധതികളിൽ ഉപയോഗപ്പെടുത്തുന്നത് ഉചിതമായിരിക്കുമെന്ന് കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് കോ-ഓർഡിനേറ്റർ അഭിപ്രായപ്പെട്ടു.

വിശദമായ ചർച്ചകൾക്കു ശേഷം താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടു.

## യോഗതീരുമാനങ്ങൾ

1. അഹാഡ്സ്-സി.സി.പി.ആർ.എം.നെ dissolve ചെയ്ത് ഉപാധികളില്ലാതെ കിലയിലേക്ക് ലയിപ്പിക്കേണ്ടതാണ്.
2. മേൽ ആവശ്യത്തിലേക്കായി തദ്ദേശസ്വയംഭരണ സെക്രട്ടറി, ഗ്രാമവികസന കമ്മീഷണർ, ധനകാര്യ വകുപ്പ് പ്രതിനിധി എന്നിവർ ഉൾപ്പെടുന്ന ഒരു കമ്മിറ്റി രൂപീകരിക്കേണ്ടതും പ്രസ്തുത കമ്മിറ്റി അഹാഡ്സ്-സി.സി.പി.ആർ.എം സൊസൈറ്റിയുടെ Assets & Liabilities തിട്ടപ്പെടുത്തേണ്ടതും അഹാസ്-സി.സി.പി.ആർ.എം സൊസൈറ്റിയുടെ കഴിഞ്ഞ മൂന്ന് വർഷത്തെ പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതുമാണ്. അഹാഡ്സ്-സി.സി.പി.ആർ എം സൊസൈറ്റിയുടെ രജിസ്ട്രേഷൻ റദ്ദാക്കുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്. അവിടെ ജോലി ചെയ്തിരുന്ന ആദിവാസിതൊഴിലാളികളുടെ അർത്ഥവത്തായ പുനർനിന്യാസം കൂടി കമ്മറ്റി ഉറപ്പാക്കണം.

യോഗം 11 മണിക്ക് അവസാനിച്ചു.

Attested
[signature]
Section Officer.